പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.424 1/12/2015-ൽ മറുപടിക്ക്

## മറയൂർ ആദിവാസിക്കോളനിയിലെ ഷോക്കേറ്റുള്ള മരണം

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ.കെ.കെ. ജയചന്ദ്രൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) | വൈദ്യുതി വകുപ്പിന്റെ അനാസ്ഥ മൂലം മറയൂർ ആദിവാസിക്കോളനിയിലെ മൂന്ന് സ്ത്രീകൾ ഷോക്കേറ്റ് മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) മറയൂർ ആദിവാസി കോളനിയിലെ മൂന്ന സ്ത്രീകൾ 28.10.2015-ൽ ഷോക്കേറ്റ മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പള്ളിവാസൽ പവർഹൗസിൽ നിന്നും മാങ്കുളം ഭാഗത്തേക്കു പോകുന്ന 11 കെ.വി കല്ലാർ ഫീഡറിന്റെ പ്രസ്തുത ലൊക്കേഷനിൽ ഇടിമിന്നലിനെ തുടർന്ന് പിൻ ഇൻസുലേറ്റർ തകരാറിലായതാണ് ടി അപകടത്തിനു കാരണം. |
| (ബി) | അപകട സാധ്യത വൈദ്യുത ബോർഡിനെ അറിയിച്ചിട്ടും ഉചിതമായ നടപടി യഥാസമയം സ്വീകരിക്കാതിരുന്നത് സംബന്ധിച്ച് അന്വേഷണം നടത്തുമോ; ഇതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) പള്ളിവാസൽ പവർഹൗസിൽ നിന്നും ഏകദേശം 48 കിലോമീറ്റർ അകലെയാണ് അപകടം ഉണ്ടായ സ്ഥലം. അപകട സ്ഥലത്തുനിന്നും ഏകദേശം രണ്ടു കിലോമീറ്റർ അകലെ ഉണ്ടായിരുന്ന കെ.എസ്.ഇ.ബി.എൽ ജീവനക്കാർ, ഒരു പോസ്റ്റിന്റെ മുകളിൽ തീയുണ്ട് എന്ന് ഒരു അപരിചിതൻ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അപ്പോൾ തന്നെ പ്രസ്തുത വിവരം സബ്എഞ്ചിനിയർ ഇൻ ചാർജ്ജിനെ അറിയിക്കുകയും അദ്ദേഹം അപ്പോൾത്തന്നെ പള്ളിവാസൽ പവർ ഹൗസിൽ ബന്ധപ്പെട്ട് പ്രസ്തുത ലൈൻ ഓഫ് ചെയ്യുകയും ചെയ്തു. തുടർന്ന് ടി ജീവനക്കാർ സംഭവസ്ഥലത്ത് എത്തിയപ്പോഴേക്കും അപകടം സംഭവിച്ചു കഴിഞ്ഞിരുന്നു. |

അപകടം സംബന്ധിച്ച് കെ.എസ്സ്.ഇ.ബി.എൽ ഉദ്യോഗസ്ഥരും സംസ്ഥാന ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഉദ്യോഗസ്ഥരും അന്വേഷണം നടത്തിയിട്ടുണ്ട്. കേടായ പിൻ ഇൻസുലേറ്റർ മാറ്റി സ്ഥാപിച്ച വൈദ്യുതി വിതരണം പുന:സ്ഥാപിച്ചിട്ടുണ്ട്.

(സി) അപകടത്തിൽ ഷോക്കേറ്റ് മരിച്ച വരുടെ ആശ്രിതർക്ക് വകുപ്പ് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് നൽകിയിട്ടുള്ളത്;

(സി) അടിയന്തിര ആശ്വാസം എന്ന നിലയിൽ, മരിച്ച മൂന്നുപേരുടെയും കുടുംബങ്ങൾക്ക് 5000 രൂപ വീതം അപകടം നടന്ന ഉടനെ തന്നെ നൽകിയിട്ടുണ്ട്.

(ഡി) മരിച്ചവരുടെ ആശ്രിതർക്ക് പരമാവധി സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ഡി) മരണപ്പെട്ടവരുടെ അനന്തരാവകാശികൾക്ക് നിയമപ്രകാരമുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**